"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് — ജീവനകാര്യം — കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ജഷിൻ പ്രകാശ്.കെ.ജെ- യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2149/2024/LSGD തീയതി, തിരുവനന്തപുരം, 10-11-2024

---

പരാമർശം:—

1. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.03.2022ലെ DDP-KKD/2694/2020-A1 നമ്പർ നടപടിക്രമം
2. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.11.2022ലെ DDP-KKD/3015/2022-A1 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.04.2024 ലെ LSGD/PD/2840/2024-DEC4 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീജഷിൻ പ്രകാശ്. കെ. ജെ — യുടെ പ്രൊബേഷൻ കാലയളവ് 18.06.2018 മുതൽ 25.09.2021 വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം 1 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. 17/06/2015 തീയതി തിക്കോടി ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ പ്രവേശിച്ച ശ്രീ ജഷിൻ പ്രകാശ്. കെ.ജെ യുടെ നിയമനം പരാമർശം (1) പ്രകാരം 17/06/2015 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചിട്ടുണ്ടെന്നും, പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാൻ ആവശ്യമായ ടെസ്റ്റ് പാസാകാത്തതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം ( 2 ) പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ടെന്നും, 23/09/2021 തീയതിയിൽ ടിയാൻ എം. ഒ.പി പരീക്ഷ പാസായിട്ടുള്ളതിനാൽ ശ്രീ. ജഷിൻ പ്രകാശ് കെ.ജെ — യുടെ പ്രൊബേഷൻ, എം. ഒ.പി പരീക്ഷ വിജയിച്ച 23/09/2021 തീയതിയുടെ തൊട്ടടുത്ത ദിവസമായ 24/09/2021 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് വേണ്ടി ടിയാളുടെ പ്രൊബേഷൻ കാലയളവ് 25/09/2021 വരെ ദീർഘിപ്പിച്ച നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.ജഷിൻ പ്രകാശ്.കെ.ജെ-യുടെ പ്രൊബേഷൻ 24.09.2021 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ്, KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 18.06.2018 മുതൽ 25.09.2021 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , കോഴിക്കോട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി, കോട്ടൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീ.ജഷിൻ പ്രകാശ് , ക്ലർക്ക് , കോട്ടൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/ തൃശ്ശൂർ

6.ഡയറക്ടർ ,ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.88/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 11-11-2024 10:45:22